(ബി) 50 എണ്ണം

(സി) പുതുതായി 8 ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചു. 15 എണ്ണം കൂടി സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ട്.

എംപ്ലോയീസ് വെൽഫെയർ ഫണ്ട് സ്കീം

38 (2316) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വൈദ്യുതി ബോർഡിൽ എംപ്ലോയീസ് വെൽഫയർ ഫണ്ട് സ്കീം എന്നാണ് നിലവിൽ വന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ പദ്ധതിയനുസരിച്ച് മാസവരി പിടിക്കുകയും എന്നാൽ അംഗത്വ നമ്പർ ലഭിക്കാതിരുന്നതിനാൽ പെൻഷൻ ആയതിനുശേഷവും പദ്ധതിയുടെ ആനുകൂല്യം ലഭിക്കാതിരിക്കുകയും ചെയ്ത എത്രപേർ ഉണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) ഇവർക്ക് ആനുകൂല്യം നൽകുന്നതിന് വൈദ്യുതി ബോർഡ് എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 1-1-1975-ൽ.

(ബി) ഈ സ്കീം അനുസരിച്ച് അംഗത്വത്തിനുവേണ്ടി നിർദ്ദിഷ്ട ഫോറത്തിൽ അപേക്ഷ സമർപ്പിക്കാതിരിക്കുകയും ഇതുമൂലം അംഗത്വ നമ്പർ ലഭിക്കാതിരിക്കുകയും എന്നാൽ മാസവരി പിടിക്കുകയും ചെയ്ത പെൻഷൻ പറ്റിയ 34 പേരുടെ അപേക്ഷകൾ നിലവിലുണ്ട്.

(സി&ഡി) ഇവർക്ക് ഈ ആനുകൂല്യം നൽകുന്ന കാര്യം പരിഗണനയിലാണ്.

ലൈൻമാൻ ഗ്രേഡിൽ വൈദ്യുതി ബോർഡിൽ നിയമനം ലഭിച്ചവരുടെ പ്രൊമോഷൻ

39 (2317) ശ്രീ. ടി. യു. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1981-ൽ ലൈൻമാൻ ഗ്രേഡിൽ വൈദ്യുതി ബോർഡിൽ നിയമനം ലഭിച്ച 1000 പേരിൽ മെമ്മോ നമ്പർ 197 കാരനെ മറികടന്ന് 480-ാമത് നമ്പർ കാരന് ഓവർസീയർ ആയി പ്രൊമോഷൻ നൽകിയിട്ടുണ്ടോ ;

(ബി) 1983 ഒടുവിൽ സർവ്വീസിൽ പ്രവേശിച്ച ഐ.റ്റി.ഐ.കാർക്ക് ഓവർസീയർ ആയി ആറ് വർഷം മുമ്പ് പ്രൊമോഷൻ നൽകിയിട്ടുണ്ടോ ;

(സി) 1981-ലെ 197-ാം നമ്പർ കാരനായ എ.കെ. വർഗ്ഗീസിന് പ്രൊമോഷൻ നൽകാത്തതിന്റെ സാഹചര്യം വിശദീകരിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) പ്രൊമോഷൻ നൽകാനുള്ളവരുടെ സീനിയോറിറ്റി ലിസ്റ്റിൽ അദ്ദേഹത്തിന്റെ ഊഴം എത്തിയിട്ടില്ല.

സബ് എഞ്ചിനീയർമാരുടെ പ്രമോഷൻ

40 (2318) ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യുച്ഛക്തി ബോർഡിലെ സബ് എഞ്ചിനീയർമാരിൽ നിന്ന് എ.ഇ. ആയി പ്രമോഷൻ ലഭിക്കേണ്ട എത്ര പേരുടെ പ്രമോഷൻ തടഞ്ഞുവച്ചിട്ടുണ്ട് ;

(ബി) എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ ;

(സി) പ്രമോഷൻ ലഭിച്ചവരെ പോസ്റ്റു ചെയ്യുന്നതിന് എന്ത് മാനദണ്ഡമാണ് സ്വീകരിച്ചത് ;

(ഡി) ഒന്നിലേറെ വർഷത്തെ സർവ്വീസുള്ള എത്രപേരെ സ്വന്തം നാട്ടിൽത്തന്നെ പോസ്റ്റ് ചെയ്തിട്ടുണ്ട് ;

(ഇ) ഉണ്ടെങ്കിൽ അതിന്റെ മാനദണ്ഡം വെളിപ്പെടുത്താമോ ?

ഉത്തരം

(എ&ബി) വിജലൻസ് ക്ലീയറൻസ് ലഭിക്കാത്തതുകൊണ്ട് 100 പേരുടെ പ്രമോഷൻ തടഞ്ഞുവച്ചിട്ടുണ്ട്.

(സി) വടക്കൻപ്രദേശങ്ങളിലെയും ജനറേറ്റിംഗ് സ്റ്റേഷനുകളിലെയും വളരെ നാളായി ഒഴിഞ്ഞുകിടക്കുന്ന ഒഴിവുകൾ നികത്തുക എന്നതായിരുന്നു മാനദണ്ഡം.

(ഡി) 32 പേരെ.

(ഇ) മാനദണ്ഡങ്ങൾ താഴെ പറയുന്നവയാണ്.

1. മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ
2. വിധവയോ, വിഭാര്യനോ ആണെങ്കിൽ (5 വർഷത്തേക്ക് മാത്രം)
3. ബോർഡ് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ ഡയറക്ടർ ബോർഡ് മെമ്പർ ആണെങ്കിൽ (ഒരു തവണ മാത്രം)
4. മിശ്രവിവാഹം ചെയ്തുവെങ്കിൽ (5 വർഷം മാത്രം)

LIBRARY ARCHIVES Kerala Legislative Assembly